"ഭരണഭാഷ- മാതൃഭാഷ"

AGRICULTURE DEPT
14 NOV 2022
GOVT. SECRETARIAT, THIRUVANANTHAPURAM

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - സബ്സിഡി അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ - കൃഷി മേഖലയുമായി ബന്ധപ്പെട്ട് അധിക വിശദീകരണങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2758/2022/LSGD   തീയതി,തിരുവനന്തപുരം, 09-11-2022

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. സ.ഉ.(സാധാ) നം.2164/2022/തസ്വഭവ; തീയതി 02.09.2022

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ന് നടന്ന യോഗത്തിന്റെ തീരുമാനം 3.2

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖയ്ക്ക് കൃഷി മേഖലയുമായി ബന്ധപ്പെട്ട വിശദീകരണങ്ങൾ നൽകി പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. വിഷയത്തിൽ പരാമർശം (3) യോഗതീരുമാനങ്ങൾ പ്രകാരം ചുവടെ വിവരിക്കുന്ന വിശദീകരണങ്ങൾ നൽകി സർക്കാർ ഉത്തരവാകുന്നു.

2. പരാമർശം (1) സബ്സിഡി ധനസഹായ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ക്രമ നമ്പർ 1-ൽ ഇനം (ഡി) ആയി ജൈവ നിയന്ത്രണകാരികൾ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന ഏജൻസി /സ്ഥാപനങ്ങൾക്കൊപ്പം പരാമർശം (2) പ്രകാരം ഉൾപ്പെടുത്തിയ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ എന്നിവയിൽ നിന്നു കൂടി ജൈവ നിയന്ത്രണകാരികൾ വാങ്ങാവുന്നതാണ്. കൂടാതെ സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബോറട്ടറിയിൽ നിന്നും ഇവ വാങ്ങാവുന്നതാണ്.

3. പരാമർശം (1) മാർഗ്ഗരേഖ ഖണ്ഡിക 6.1 ക്രമ നമ്പർ 1-ൽ ജൈവവളം വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ എന്നിവ കൂടി പരാമർശം (2) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്ന് ജൈവവളം വാങ്ങാം എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങാവുന്ന ജൈവവളം എന്നതിനു പകരം സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ക്രമ നമ്പർ 1 ൽ A,B,C ഇനമായി പറയുന്ന എല്ലാ ഇനങ്ങളും (ജൈവ വളം, കുമ്മായം, ഡോളോമൈറ്റ്, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന

വളങ്ങൾ ഉൾപ്പെടെ വളർച്ചാ ത്വരകങ്ങൾ, ജീവാണു വളങ്ങൾ എന്നിവ) മുകളിൽ പറഞ്ഞ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ, സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബോറട്ടറി എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്.

4. ജൈവ നിയന്ത്രണകാരികൾ, ജൈവ വളങ്ങൾ, കീടനാശിനികൾ അടക്കമുള്ള എല്ലാ ഉല്പാദന സഹായികളുടേയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ലൈസൻസ്, മാർഗ്ഗരേഖ ഖണ്ഡിക 6.1 ക്രമ നമ്പർ 1,2,3-ൽ പ്രതിപാദിച്ചിരിക്കുന്ന ഏജൻസികൾക്കും മേൽ ഖണ്ഡിക 2 ൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്കും ഉണ്ടായിരിക്കേണ്ടതാണ്. ഇത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണസ്ഥാപനവും ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. കൃഷി വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
19. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Nisam N

Date: 10-11-2022 11:06:13

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ പി.എയ്ക്ക്